2.

## നമ്മുടെ വീട്

“ഹാവൂ, ഒന്ന് വീട്ടിലെത്തിയാൽ മതിയായിരുന്നു” എന്ന് പലരും പറയുന്നത് കേട്ടിട്ടില്ലേ? വീടിനോളം നമുക്ക് സമാധാനം തരുന്ന ഒന്നും വേറെയില്ല.

ഭൂമിയിലെ സ്വർഗമാണ് നമ്മുടെ വീട്. മാതാപിതാക്കളും സഹോദരങ്ങളുമൊക്കെ ഒത്തൊരുമിച്ചുള്ള ജീവിതം എത്ര സന്തോഷകരമാണെന്നോ. അവർ വീട്ടിൽ ഇല്ലെങ്കിൽ നമുക്ക് വല്ലാത്ത ടെൻഷനായിരിക്കും. നാം വീട് വിട്ട് ദൂരെ എവിടെയെങ്കിലും പോയി തനിച്ച് താമസിക്കുക. അപ്പോഴാണ് അവരില്ലാത്തതിൻെറ പ്രയാസം മനസ്സിലാവുക.

നാം തന്നെയാണ് വീടിനെ സ്വർഗമാക്കേണ്ടത്. എങ്ങനെയെന്നോ? വീട്ടിലെ എല്ലാവരോടും നല്ല സ്വഭാവത്തോടെ പെരുമാറുക. വഴക്കും വക്കാണവും അടിപിടിയും ഒഴിവാക്കുക. വീട് നമ്മുടെതല്ലേ എന്നു കരുതി തോന്നിയതുപോലെ പെരുമാറരുത്. വീടിൻെറ അച്ചടക്കം കാത്തുസൂക്ഷിക്കുക. കുട്ടികളാണ് അത് കാര്യമായി ശ്രദ്ധിക്കേണ്ടത്. എപ്പോഴും വക്കാണവും അടിപിടിയും കൂടുന്ന കുട്ടികളുള്ള വീട് അയൽവാസികൾക്ക് ശല്യമായിരിക്കും. ആളുകൾ അത്തരം വീടിനെ ഇഷ്ടപ്പെടില്ല.

വീടിൻെറ വൃത്തിയും വെടിപ്പും നമ്മുടെ കൂടി ബാധ്യതയാണ്. വീടും പരിസരവും ആകർഷകമായി കൊണ്ടുനടക്കാൻ നാം പരിശ്രമിക്കണം. വല്ലപ്പോഴും അതിൻെറ ശുചീകരണത്തിന് സമയം കണ്ടെത്തണം. ഏതെല്ലാം രീതിയിൽ വീടിനെ ആകർഷകമാക്കാൻ സാധിക്കുമോ ആ നിലക്കെല്ലാം ആകർഷകമാക്കണം. പക്ഷേ, മാതാപിതാക്കളുടെ അനുവാദത്തോടെ മാത്രമേ അത് ചെയ്യാവൂ.

വീട്ടിൽ വരുന്നവരോട് നല്ല സ്വഭാവത്തോടെ പെരുമാറുക. അവർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്തുകൊടുക്കുക. അവരെ ഏറെ ആദരിക്കണം.

പുറത്ത് എവിടെയെങ്കിലും പോയി വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ നാം വാതിലിൽ മുട്ടുകയോ ക്വാളിംഗ്ബെല്ലടിക്കുകയോ വേണം. മിണ്ടാതെ വീട്ടിലേക്ക് പ്രവേശിക്കുന്നത് നല്ലതല്ല. നമ്മുടെതല്ലാത്ത റൂമുകളിൽ, പ്രത്യേകിച്ച് മാതാപിതാക്കളുടെ കിടപ്പറകളിലേക്ക് അവരുടെ അനുവാദമില്ലാതെ പ്രവേശിക്കരുത്. പ്രത്യേകിച്ച് അവർ അവിടെ വിശ്രമിക്കുന്ന സമയങ്ങളിൽ.

വീട് ഒരു കുടുംബത്തിൻെറ ആസ്ഥാമനമാണ്. വീടിൻെറ അച്ചടക്കവും സ്നേഹവും ഇല്ലാതായാൽ കുടുംബത്തിൻെറ സൽപേര് നശിക്കും. അത് കാത്തുസൂക്ഷിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം.

നാം നമ്മുടെ വീടിനെ സ്നേഹിക്കുക. വീട് നമ്മെയും സ്നേഹിക്കും. നല്ല സ്വഭാവവും പെരുമാറ്റവും ഒരു വീടിനെ സ്വർഗതുല്യമാക്കും.